• കുറിപ്പ്



# ആഗസ്റ്റ് പതിനഞ്ചിന്റെ ഉപ്പ്

**കെ. അരവിന്ദാക്ഷൻ**

**ഈ** ആഗസ്റ്റ് പതിനഞ്ചിന് ഇന്ത്യയിലാകമാനം കറിയുപ്പ് നിരോധിച്ചുകൊണ്ടുള്ള ഉത്തരവ് നിലവിൽ വരും. പകരം അയഡിൻ കലർത്തിയ -Iodised Salt- ഉപയോഗിക്കുന്നത് സാർവ്വത്രികമാക്കും. ദരിദ്രന്റെയും ധനികന്റെയും ജീവിതത്തിലെ അവിഭാജ്യഘടകമാണ് ഉപ്പ്. ഉപ്പിന് കാലാതീതമായ ചരിത്രവും നാടോടിക്കഥാപാരമ്പര്യവും ഉണ്ട്. രാജാവായ അച്ഛനെ ഇപ്പോഴും സ്നേഹമാണെന്നു പറഞ്ഞ രാജകുമാരിയെ അച്ഛൻ പുറത്താക്കുന്നതും മകൾ അച്ഛന് അഹിംസാപരമായ മാർഗ്ഗത്തിലൂടെ ഉപ്പിന്റെ മൂല്യം മനസ്സിലാക്കിക്കൊടുക്കുന്നതും ഉപ്പിന്റെ രുചിയറിയുന്നവർക്കെല്ലാം അറിയാം.

സാധാരണക്കാരന്റെ ഉപ്പായ കറിയുപ്പ് അനാദികാലം മുതൽ നമ്മുടെ നാട്ടിൽ ഉപയോഗത്തിലുള്ളതാണ്. കടൽ വെള്ളത്തിൽ നിന്ന് ഉപ്പെടുക്കാനുള്ള നാടൻ ശാസ്ത്ര-സാങ്കേതികവിദ്യകൾ ഇന്ത്യൻ ഗ്രാമീണന്നറിയാം. സാധാരണ കറിയുപ്പിൽ അയഡിൻ ഇല്ലാത്തതുകൊണ്ട് തൈറോയിഡ് രോഗം ഇന്ത്യയിലാകെ വ്യാപകമാകുന്നുവെന്നും രോഗം ഇല്ലാതാക്കാനുള്ള പ്രതിവിധി രാജ്യവ്യാപകമായി കറിയുപ്പ് നിരോധിച്ച് അയഡൈഡ് ഉപ്പ് പ്രചരിപ്പിക്കുകയെന്നതുമാണെന്നാണ് സർക്കാരിന്റെ വാദം. തൈറോയിഡ് രോഗം വ്യാപകമല്ലാത്ത പ്രദേശങ്ങളിൽ എന്തിനാണ് കറിയുപ്പ് നിരോധിക്കുന്നത് എന്ന ചോദ്യത്തിനുത്തരമില്ല.

അയഡിൻ കലർത്തിയ ഉപ്പുണ്ടാക്കി വിപണിയിലിറക്കുന്നത് വൻകിട കമ്പനികളാണ്. അവരെ സഹായിക്കാനാണ് ഈ പുതിയ കറിയുപ്പ് നിരോധനം സഹായിക്കുക. വൻകിടക്കാരെ സഹായിക്കുമ്പോൾ സ്വാഭാവികമായും നിർധനരായ മനുഷ്യരുടെ കഞ്ഞിയിൽ മണ്ണിടുകയായിരിക്കും സർക്കാർ ചെയ്യുന്നത്. ഉപ്പുണ്ടാക്കി വിറ്റ് ജീവിക്കുന്ന ഒരുപാട് പേർ ഇന്ത്യയിലുണ്ട്. പലയിടത്തും അതൊരു കുടിൽ വ്യവസായമായി തഴച്ചുവളർന്നിട്ടുണ്ട്. കറിയുപ്പ് നിരോധനം ഈ മേഖലയിലെ ചെറുകിട വ്യവസായികളെയും തൊഴിലാളികളെയും സാരമായി ബാധിക്കും.

ആഗോളീകരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും ചുവടുപിടിച്ചാണ് കറിയുപ്പ് നിരോധനവും അയഡൈസ്ഡ് ഉപ്പിന്റെ പ്രചാരണവും എന്നതിന് സംശയമില്ല. സമൂഹത്തിലെ ബഹുഭൂരിപക്ഷം വരുന്ന സാധാരണ മനുഷ്യരുടെ ജീവിതത്തെ അനാഥമാക്കുന്ന ഒരു വൻകിട പ്രക്രിയയാണ് നമ്മുടെ നാട്ടിൽ നടന്നുകൊണ്ടിരിക്കുന്നത്. കൃഷിമേഖലയെ വൻകിട കമ്പനികൾ കൈയടക്കി കൃഷിയെ ഒരു കോർപറേറ്റ് വ്യവസായമാക്കി വിപണനം ചെയ്യാൻ തുടങ്ങിയതോടെയാണ്, കഴിഞ്ഞ പതിനഞ്ച് വർഷങ്ങളായി ഗ്രാമീണ ജീവിതത്തിന്റെ അടിത്തറയായ കൃഷി തകർന്നതും, കൃഷിക്കാർ ആത്മഹത്യയിലേക്ക് നീങ്ങിയതും. അതിന്റെ രാഷ്ട്രീയ ലാഭത്തിൽ ആണ് കോൺഗ്രസ്സ് സർക്കാർ ഡൽഹിയിൽ അധികാരത്തിൽ വന്നത്. രാഷ്ട്രീയ പാഠങ്ങൾ പഠിക്കാൻ രാഷ്ട്രീയ പാർട്ടികൾ തയ്യാറാകുന്നില്ലായെന്നതാണ് വസ്തുത.

കറിയുപ്പിന്റെ നിരോധനവുമായി ബന്ധപ്പെട്ടതാണ്, കുടിവെള്ളവും വായുവും കാടും പച്ചപ്പും കോർപ്പറേറ്റ് വ്യവസായത്തിന്റെ ഭാഗമായി മാറിക്കൊണ്ടിരിക്കുന്ന പുതിയ വ്യവസ്ഥ. ഇന്ത്യ ഒരു കോർപ്പറേറ്റ് കമ്പനിയായും സംസ്ഥാനങ്ങൾ അതിന്റെ സബ്സിഡിയറികളായും രൂപാന്തരപ്പെടുന്നു. പേരിനുള്ള ഒരു ജനാധിപത്യത്തിന്റെ മറയിലാണ് ഒരു രാഷ്ട്രത്തിന്റെ ജനാധിപത്യത്തിന്റേതായ പൊതു ഇടങ്ങൾ അധികാരികൾ അതിക്രമിച്ചു കീഴടക്കി കോർപ്പറേറ്റ് വ്യവസായിക ലോബിയെ ഏൽപ്പിക്കുന്നത്. മനുഷ്യന്റെ ഉപ്പ്, ഭക്ഷണം, വെള്ളം, പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ ഈ ഭീമന്മാരുടെ ഞണ്ടിൻകാലുകൾ പിടിമുറുക്കിക്കഴിഞ്ഞു.

സാധാരണക്കാരന്റെ ഉപ്പിനെ കേന്ദ്രമാക്കി ഗാന്ധി നടത്തിയ സത്യാഗ്രഹസമരത്തിന്റെ ചൂടിൽ ബ്രിട്ടീഷ് സാമ്രാജ്യത്ത ശക്തിക്ക് പിടിച്ചു നിൽക്കാനായില്ല. അന്നത്തെ കാണപ്പെടുന്ന ശത്രുവല്ല ഇന്നത്തേത്. നാം തെരഞ്ഞെടുത്തയയ്ക്കുന്ന ജനപ്രതിനിധികളടങ്ങുന്ന ഒരു ജനാധിപത്യ സർക്കാർ, നമ്മുടെ കീഴടങ്ങലോടെ, നമ്മുടെ അനുവാദത്തോടെ, നമ്മുടെ അറിവോടും സമ്മതത്തോടും കൂടി ചെയ്യുന്ന ചൂഷണമാണ് ഇന്ന് നമുക്ക് ചെറുക്കാനുള്ളത്. രസകരമായ വസ്തുത പ്രതിരോധത്തിനു കോപ്പുകൂട്ടുന്ന ഓരോ ഇന്ത്യക്കാരനും അറിഞ്ഞോ അറിയാതെയോ ആരെയാണോ പ്രതിരോധിക്കേണ്ടത് അവരുടെ ഭാഗമായി പരിണമിക്കുന്ന അവസ്ഥയിലാണ്. പ്രതിരോധത്തിനിറങ്ങുന്ന ഏത് വ്യക്തിയെയും പ്രസ്ഥാനത്തെയും സൂക്ഷ്മമായി പരിശോധിച്ചാൽ ഈ സത്യം മനസ്സിലാകും. കോർപ്പറേറ്റ് മൂല്യങ്ങളുടെ വൻശക്തികൾ ഒഴുകുന്ന രക്തക്കുഴലിലൂടെത്തന്നെയാണ്, നാടൻ പ്രതിരോധത്തിന്റെ ചോരയും ഒഴുകേണ്ടി വരുന്നത്. തീർച്ചയായും ശരീരം കോർപ്പറേറ്റ് മൂല്യങ്ങളുടെ AIDS ന് കീഴ്പ്പെടുന്നു; പ്രതിരോധത്തിന്റെ ചോരയും. ഈ വസ്തുതയെ ഈ സത്യത്തെ എങ്ങിനെ സ്വാതന്ത്ര്യദാഹിയായ മനുഷ്യൻ മറികടക്കും? അവിടെയും ഒരു വലിയ സമസ്യയുണ്ട്. ഇന്ദ്രിയ സുഖങ്ങളിൽ മുഴുകുന്ന ജീവിതമാണോ സ്വാതന്ത്ര്യം? അതോ സമൂഹത്തിലെ എല്ലാ മനുഷ്യരുടെയും അടിസ്ഥാനാവശ്യങ്ങൾ നീതിയുക്തമായി, ധാർമ്മികമായി, നിറവേറ്റാൻ സാധിക്കുന്ന ജനാധിപത്യ പ്രക്രിയയാണോ സ്വാതന്ത്ര്യം? അപ്പോൾ ഇന്ദ്രിയസുഖങ്ങളോടുള്ള അനല്പമായ എന്റെ ആർത്തിക്ക് ആര് ന്യായം പറയും?

*വാൾഡൻ, എറവ്, തൃശൂർ*